LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം ആർ.ടി. ഓഫീസ്

269(1254) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ രൂപീകൃതമായ മഞ്ചേശ്വരം താലൂക്കിൽ ആർ.ടി. ഓഫീസ് തുടങ്ങുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

&

(ബി) മഞ്ചേശ്വരം ആർ.ടി. ഓഫീസിന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാനാകുമോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ ആർ.ടി. ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. അത്തരം സാഹചര്യം സംജാതമാവുമ്പോൾ മഞ്ചേശ്വരത്തിന്റെ കാര്യംകൂടി പരിഗണനയ്ക്കെടുക്കുന്നതാണ്.

കുന്നംകുളത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

270(1255) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയതായി രൂപംകൊണ്ട കുന്നംകുളം താലൂക്കിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. അത്തരം സാഹചര്യം സംജാതമാവുമ്പോൾ കുന്നംകുളത്തിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

ഇലക്ട്രിക് വാഹനങ്ങൾ

271(1256) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ ഉണ്ടാക്കുന്ന അന്തരീക്ഷ മലിനീകരണവും ആരോഗ്യപ്രശ്നങ്ങളും ലഘൂകരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഇനം തിരിച്ച് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ പരമാവധി നിയന്ത്രിക്കുന്നതിന് അവയുടെ സ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയായ ഡീസൽ ഓട്ടോറിക്ഷകൾ 1-6-2021 മുതൽ ഇലക്ട്രിക്, സി.എൻ.ജി., എൽ.എൻ.ജി. മുതലായ ഇതര ഇന്ധന സംവിധാനത്തിലേയ്ക്ക് മാറിയാൽ മാത്രമേ തുടർന്നുള്ള കാലാവധിയിലേയ്ക്ക് ഫിറ്റ്നസ് മുതലായ രേഖകൾ പുതുക്കി നൽകുകയുള്ളൂ. സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യ 5 വർഷത്തെ ഒറ്റത്തവണ നികുതിയിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് അവരുടെ വരുമാന പരിധി 3,00,000 രൂപയിൽ താഴെയാണെങ്കിൽ പരമാവധി 30,000 രൂപ വരെ സബ്സിഡിയായി നൽകിവരുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി. 8 ഇലക്ട്രിക് വെറ്റ് ലീസ് ബസ്സുകൾ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി. ബസ്സുകളായി പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിന് വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽനിന്നും ഒരു സി.എൻ.ജി. ബസ് വാങ്ങുകയും 23-3-2018 മുതൽ കെ.എസ്.ആർ.ടി.സി. ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും നിലവിൽ പ്രസ്തുത വാഹനം വിവിധ മേഖലകളിൽ സർവ്വീസ് നടത്തി പ്രവർത്തന മികവ് വിലയിരുത്തി വരികയുമാണ്. കൂടാതെ M/s Petronet LNG-യുടെ ഉടമസ്ഥതയിലുള്ള 2 എൽ.എൻ.ജി. ബസ്സുകൾ ലഭ്യമാക്കി 21-6-2021 മുതൽ എറണാകുളം കേന്ദ്രീകരിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നു. ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങളും വിശകലനം ചെയ്തുവരുകയാണ്. നിലവിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം വരുത്തുന്നതിനായി ദർഘാസ് ക്ഷണിക്കുകയും ആയതിനോടനുബന്ധിച്ചുള്ള തുടർനടപടിയായി proof of concept നടന്നുവരികയുമാണ്. കൂടാതെ നിലവിലുള്ള 3,000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് വാഹന നിർമ്മാതാക്കളിൽനിന്നും താത്പര്യപത്രം ക്ഷണിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫോസിൽ ഇന്ധനങ്ങളുടെ വിലവർദ്ധനവ് കാരണം ബുദ്ധിമുട്ടിലായ ജനങ്ങൾക്ക് ഈ പദ്ധതികൾ എങ്ങനെ പ്രയോജനപ്പെടും എന്ന് വ്യക്തമാക്കാമോ?

വാഹന നികുതി, പെർമിറ്റ് മുതലായവ ഒഴിവാക്കുന്നതുമൂലം വാഹന ഉടമകൾക്ക് അധിക സാമ്പത്തിക ബാദ്ധ്യതയിൽനിന്നും ആശ്വാസം കിട്ടുന്നതാണ്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമസ്ഥർക്ക് സബ്സിഡി നൽകുന്നതും ഇത്തരം വാഹനങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനമാകും.

(സി) ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാണോ; വിശദവിവരങ്ങൾ അറിയിക്കാമോ?

ഇലക്ട്രിക് ആട്ടോറിക്ഷകൾ വാങ്ങുന്നതിന് 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം ഇലക്ട്രിക് ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് കിലോമീറ്റർ അടിസ്ഥാനത്തിൽ സബ്സിഡി ലഭ്യമാണ്.

(ഡി) ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സംസ്ഥാനത്ത് നിലവിലുള്ള വാഹന ചാർജിംഗ് സ്റ്റേഷനുകളെക്കുറിച്ചും എത്ര ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നതിനെക്കുറിച്ചും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി ഇ-മൊബിലിറ്റി ഫണ്ടിൽനിന്നും 5 കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം 6 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുകയും 26 കേന്ദ്രങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. കെ.എസ്.ആർ.ടി.സി. പരീക്ഷണാടിസ്ഥാനത്തിൽ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്ന ഇലക്ട്രിക് ബസ്സുകൾ ചാർജ്ജ് ചെയ്യുന്നതിനുവേണ്ടി റീജിയണൽ വർക്ക്ഷോപ്പ് ആലുവയിലും പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിലും തമ്പാനൂർ, ഹരിപ്പാട് എറണാകുളം എന്നീ സ്റ്റേഷനുകളിലും താൽക്കാലിക ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) നിലവിൽ ഫോസിൽ ഇന്ധങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളെ ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ?

കാലാവധി 15 വർഷം കഴിഞ്ഞ ഡീസൽ ആട്ടോറിക്ഷകൾ 1-6-2021 മുതൽ ഇലക്ട്രിക്/സി.എൻ.ജി./എൽ.എൻ.ജി വിഭാഗത്തിലേയ്ക്ക് മാറ്റിയാൽ മാത്രമേ നിരത്തിൽ ഓടിക്കാൻ പെർമിറ്റ് അനുവദിക്കുകയുള്ളൂ. (റൂൾ 292 എ, 1989 ലെ കേരള മോട്ടോർ വെഹിക്കിൾ റൂൾസ് ജി.ഒ.പി.നമ്പർ 59/2020/ട്രാൻസ്, 5-11-2020, ജി.ഒ.പി.15/2021/ ട്രാൻസ്, 24-5-2021).

(എഫ്) സർക്കാർ വകുപ്പുകളിലേയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സ.ഉ.(സാധാ) നമ്പർ 206/2020/ട്രാൻസ്, 16-6-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളിലേയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്ക് എടുക്കുകയുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം 14 ജില്ലകളിലേയ്ക്കുമുള്ള റോഡ് സുരക്ഷാ പ്രവർത്തനങ്ങളിലേയ്ക്കായി റോഡ് സുരക്ഷാ ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ച് ആദ്യ ഘട്ടത്തിൽ 65 Tata Nexon ഇലക്ട്രിക് വാഹനങ്ങളും ഒരു Hyundai Kona വാഹനവും ANERT-ൽ നിന്നും മാസവാടക കരാറിൽ 8 വർഷത്തേയ്ക്ക് എടുക്കുകയുണ്ടായി. കൂടാതെ 5 Tata Nexon ഇലക്ട്രിക് വാഹനങ്ങൾ കൂടി സേഫ് കേരള പ്രോജക്ട് മുഖേന വാങ്ങാനായി റോഡ് സേഫ്റ്റി മീറ്റിംഗിലെ തീരുമാന പ്രകാരം ANERT-ഉം ആയുള്ള ഉടമ്പടി പ്രകാരം മോട്ടോർ വാഹന വകുപ്പിലേയ്ക്ക് വാടകയ്ക്ക് എടുക്കുകയും ചെയ്തിട്ടുണ്ട്.

(ജി) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇലക്ട്രിക് ബസ്സുകളാക്കി മാറ്റാനുള്ള പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ?

നിലവിലെ ഡീസൽ ബസ്സുകൾ ഇലക്ട്രിക് ബസ് ആയി പരിവർത്തനം ചെയ്യുന്നതിന്റെ സാദ്ധ്യതാ പഠനം ശ്രീചിത്തിര തിരുന്നാൾ എഞ്ചിനീയറിംഗ് കോളേജ്, കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് എന്നിവയുമായി ചേർന്ന് പരിശോധിച്ചുവരുന്നു. 8 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. കിഫ്ബി ലോൺ ഉപയോഗിച്ച് 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ പ്രകാരമുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly